ഉത്തരം

(എ) ഉണ്ട്

(ബി) പര്യാപ്തമല്ല

(സി) ഉണ്ട്.

(ഡി) ചുരുക്കം ചില സന്ദർഭങ്ങളിൽ അച്ചടി ജോലി നിർവഹിക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ അച്ചടി വകുപ്പിൽ നിന്നും നേരിട്ട് അച്ചടി ജോലികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്കും നൽകാറില്ല.

128 (652) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ വയറിംഗ് ജോലികൾ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിന്റെ പുതിയ കെട്ടിടത്തിലെ വയറിംഗ് ജോലികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) വയറിംഗ് ജോലികൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി.സ്പീക്കർ : ശ്രദ്ധ ക്ഷണിക്കൽ .... ശ്രീ.പാലോട് രവി

[9.30 A.M.] (ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നതിനായി ശ്രീ.പാലോട് രവിയെ ക്ഷണിച്ചുവെങ്കിലും അദ്ദേഹം സംസാരിക്കാനായി എഴുന്നേല്ക്കുന്നതിന് മുമ്പ് തന്നെ ബഹു.പ്രതിപക്ഷനേതാവ് സംസാരിക്കാനായി എഴുന്നേറ്റു.

ശ്രീ. എ.സി ഷൺമുഖദാസ് : സർ, പോയിന്റ് ഓഫ് ഓർഡർ (ബഹളം)..... (ബഹളം).....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറിനു പ്രതിപക്ഷ നേതാവ് പറഞ്ഞു കഴിഞ്ഞിട്ടു സമയം തരാം. (ബഹളം).....(ബഹളം)....

ശ്രീ. എ.സി. ഷൺമുഖദാസ്, അദ്ദേഹം പറയട്ടെ, പ്രതിപക്ഷനേതാവ് പറഞ്ഞുകഴിഞ്ഞതിനുശേഷം എ.സി ഷൺമുഖദാസിന് സമയം തരാം

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ആൾ ഇൻഡ്യാ സ്റ്റുഡന്റ് ഫെഡറേഷൻ ഉൾപ്പെടെയുള്ള ഭരണകക്ഷി വിദ്യാർത്ഥി സംഘടനകൾവരെ ഈ വർഷത്തെ പ്ലസ് ടു അനുവദിച്ചതിൽ അഴിമതിയും ക്രമക്കേടും ഉണ്ടെന്നു പറഞ്ഞു സമരം ചെയ്ത സാഹചര്യത്തിലെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഞങ്ങൾ നേരത്തെ മുന്നോട്ടു വച്ച

LIBRARY ARCHIVES Kerala Legislative Assembly